# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7121 | 03.11.2011 ൽ മറുപടിയ്ക്ക്

## സംസ്ഥാന സഹകരണ ബാങ്കിന്റെ പണം കടമെടുക്കലിൽ വന്നകുറവ്

**ചോദ്യം**

ശ്രീ. വി. ശശി

(എ) സംസ്ഥാന സഹകരണ ബാങ്കിന്റെ പണം കടമെടുക്കൽ, 2008-09 ലെ 237 കോടി രൂപയിൽ നിന്നും 2009-10 ൽ 107.51 കോടി രൂപയായി കുറയുവാനുണ്ടായ കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

**മറുപടി**

ശ്രീ. സി. എൻ. ബാലകൃഷ്ണൻ
(സഹകരണ വകുപ്പ് മന്ത്രി)

(എ) 2008-09 വർഷം 14 ജില്ലാ സഹകരണ ബാങ്കുകൾക്കായി 663.81 കോടി രൂപ പുനർവായ്പയായി ലഭിക്കുന്നതിന് സമർപ്പിച്ച അപേക്ഷ, കേരള സംസ്ഥന സഹകരണ ബാങ്ക് ബാങ്കിംഗ് റഗുലേഷൻ ആക്ടിലെ വകുപ്പ് 11 (1) ലെ മാനദണ്ഡങ്ങൾ പാലിക്കാൻ കഴിയാത്തതിനാൽ, ഗവൺമെന്റ് ഗ്യാരന്റി നൽകുകയോ, കേന്ദ്ര ഗവൺമെന്റ് സെക്യൂരിറ്റി പണയപ്പെടുത്തുകയോ ചെയ്യണമെന്ന നിബന്ധയോടെ 2008-09 വർഷത്തേയ്ക്ക് 503.86 കോടി രൂപാ അനുവദിച്ചിരുന്നെങ്കിലും ഗവൺമെന്റ് ഗ്യാരന്റി ലഭിക്കാത്തതിനാൽ കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ കൈവശമുണ്ടായിരുന്ന 140.77 കോടി രൂപയുടെ ഗവൺമെന്റ് സെക്യൂരിറ്റി പണയപ്പെടുത്തി 113 കോടി രൂപയുടെ പുനർ വായ്പ ലഭ്യമാക്കിയിരുന്നു. ഗവൺമെന്റ് ഗ്യാരന്റി ലഭ്യമാക്കാത്തതിനാലും പണയപ്പെടുത്തുവാൻ മതിയായ സെക്യൂരിറ്റി ഇല്ലാത്തതിനാലും 2008-09 വർഷം നബാർഡ് അനുവദിച്ച 503.86 കോടി രൂപയിൽ 390.86 കോടി രൂപയുടെ പുനർവായ്പ നബാർഡിൽ നിന്നും ലഭ്യമാക്കാൻ കഴിഞ്ഞില്ല.

2009-10 വർഷം 638.84 കോടി രൂപയുടെയും 2010-11 വർഷം 599.20

കോടി രൂപയുടെയും പുനർവായ്പ അപേക്ഷ നബാർഡിന് സമർപ്പിച്ചുവെങ്കിലും, ഗവൺമെന്റ് ഗ്യാരന്റി നൽകുവാൻ കഴിയാത്തതിനാലും, പണയപ്പെടുത്തുവാൻ ഗവൺമെന്റ് സെക്യൂരിറ്റി ഇല്ലാത്തതിനാലും നബാർഡിൽ നിന്നും പുനർവായ്പ ലഭിച്ചിരുന്നില്ല.

2008-09 ൽ 237 കോടി രൂപയും, 2009-10 ൽ 107.51 കോടി രൂപയും കടമെടുക്കൽ സംഖ്യയായി കാണുന്നത് പ്രധാനമായും നബാർഡിൽ നിന്നും ലഭിച്ച പുനർവായ്പ ബാക്കി നിൽപ്പ് തുകയാണ്.

| | | |
|---|---|---|
| (ബി) | ഇത് ബാങ്കിന്റെ പ്രവർത്തനത്തെ എപ്രകാരമാണ് ബാധിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ? | (ബി) 2008-2009 ൽ നബാർഡിൽ നിന്നും നാമമാത്രമായി കിട്ടിയ സാമ്പത്തിക സഹായം ഹ്രസ്വകാല കാർഷിക വായ്പയായി വിതരണം ചെയ്യാൻ കഴിഞ്ഞു. എന്നാൽ തുടർന്നുള്ള വർഷങ്ങളിൽ നബാർഡ് കാർഷിക വായ്പാ പരിധി അനുവദിക്കാത്തതിനാൽ ബാങ്കിന് ഉയർന്ന പലിശനിരക്കിൽ സ്വരൂപിച്ച സ്വന്തം ഫണ്ടുകൾ ഏറെ സാമ്പത്തിക നഷ്ടം സഹിച്ച് കുറഞ്ഞ പലിശനിരക്കിലുള്ള കാർഷിക വായ്പകൾക്കായി നൽകേണ്ടതായി വന്നിട്ടുണ്ട്. ഇത് പ്രസ്തുത ബാങ്കുകളുടെ സാമ്പത്തിക സ്ഥിതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ